കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ നഗരസഭയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ബസ് ടെർമിനൽ നിർമ്മാണത്തിന് കണയന്നൂർ താലൂക്ക് നടമ വില്ലേജിൽപ്പെട്ട 12 ഏക്കർ 90 സെന്റ് സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരവും ലാന്റ് അക്വിസിഷൻ മുഖേനയും ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 2969/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 22.11.2018.

പരാമർശം - 1) തൃപ്പൂണിത്തുറ നഗരസഭാ കൗൺസിലിന്റെ 17.02.2017 ലെ 19-ാം നമ്പർ തീരുമാനവും 08.01.2018 ലെ 1-ാം നമ്പർ തീരുമാനവും

2) തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയുടെ 15.03.2017, 12.01.2018 എന്നീ തീയതിയിലെ പി.ഡബ്ല്യ1-2060/17-ാം നമ്പർ കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 06.04.2017 ലെ ജി3-18116/2017-ാം നമ്പർ കത്ത്

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭയിൽ നിർദ്ദിഷ്ട മെട്രോസ്റ്റേഷനും റെയിവേ സ്റ്റേഷനും മൂവാറ്റുപുഴ തൃപ്പൂണിത്തുറ റോഡും റിഫൈനറി റോഡും ബന്ധിപ്പിച്ചുകൊണ്ടും എല്ലാ സൗകര്യങ്ങളോടും കൂടിയ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി കണയന്നൂർ താലൂക്ക് നടമ വില്ലേജിൽപ്പെട്ടതും 305/1,2,3,4,7,69,71, 306/2,5,20,21,22,23,24, 304/22,23,26,30,31,36,37,80,81,82,83,87,89,90,93,94,95,108,109, 303/59,60,61,62,63,65, 67,88, 302/8,9,10,11,12,31,33,34, 301/38,40,50, 320/3,4,7,8,15,16,17,18,19,20,21,23,24,25,26,27,29, 322/28,30,31,32, 33,34,36,37,38,40,41,42,43,44,47,49,53,54 എന്നീ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുവരുന്ന 12 ഏക്കർ 90 സെന്റ് സ്ഥലം ഏറ്റെടുക്കാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാർ അനുമതി തേടുകയുമുണ്ടായി. നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, തൃപ്പൂണിത്തുറ നഗരസഭയിൽ എല്ലാസൗകര്യങ്ങളോടും കൂടിയ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി കണയന്നൂർ താലൂക്ക് നടമ വില്ലേജിൽപ്പെട്ട റീസർവ്വേ നം. 305/1,2,3,4,7,69,71, 306/2,5,20,21,22,23,24, 304/22,23,26,30,31,36,37,80,81,82,83,87,89,90,93,94,95,108,109, 303/59,60,61,62,63,65, 67,88,302/8,9,10,11,12,31,33,34,301/38,40,50,320/3,4,7,8,15,16,17,18,19,20,21,23,24,25,26,27,29,322/28,30,31,32,33, 34,36,37,38,40,41,42,43,44,47,49,53,54 എന്നീ 12 ഏക്കർ 90 സെന്റ് ഭൂമി, Direct /Negotiated purchase വഴിയും 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരവും, ഏറ്റെടുക്കാൻ തൃപ്പൂണിത്തുറ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം

സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ